**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6737** **11-07-2024 - ൽ മറുപടിയ്ക്ക്**

**കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഗ്രാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റുകൾ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4(3) -ൽ അംശാദായത്തിന്റെ 10% ത്തിൽ കുറയാത്ത ഒരു തുക ഓരോ സാമ്പത്തിക വർഷവും സർക്കാർ അംശാദായമായി ബോർഡിന് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ, 2230-01-103-79-10 (സംഭാവന - നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയാണ് ഇതിലേക്കായി ബോർഡിന് തുക അനുവദിക്കുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ബോർഡ് കൈപ്പറ്റിയിട്ടുണ്ടെന്നും എത്ര തുക ബോർഡ് ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഇനത്തിലാണ് ചെലവഴിച്ചതെന്നും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാന്റിനത്തിൽ അനുവദിച്ച തുകയും അവയുടെ വിനിയോഗവും സംബന്ധിച്ച ഇനം തിരിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2016-2017 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാന്റിനത്തിൽ അനുവദിച്ച തുകയും അവയുടെ വിനിയോഗവും

| ക്രമ നം | സാമ്പത്തിക വർഷം | സർക്കാരിൽ നിന്നും ഗ്രാന്റിനത്തിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ബോർഡ് കൈപ്പറ്റിയ തുക (ലക്ഷത്തിൽ) | ബോർഡ് ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച ഇനം. |
|---|---|---|---|---|---|
| 1 | 2016-17 | 50.00 | 50.00 | 50.00 | തൊഴിലാളി പെൻഷൻ വിതരണം |
| 2 | 2017-18 | 81.00 | 81.00 | 81.00 | തൊഴിലാളി പെൻഷൻ വിതരണം |
| 3 | 2018-19 | 162.00 | 162.00 | 162.00 | തൊഴിലാളി പെൻഷൻ വിതരണം |
| 4 | 2019-20 | 0.00 | 0.00 | 0.00 | |
| 5 | 2020-21 | 243.00 | 243.00 | 243.00 | തൊഴിലാളി പെൻഷൻ വിതരണം |
| 6 | 2021-22 | 100.00 | 100.00 | 100.0 | തൊഴിലാളി പെൻഷൻ വിതരണം |
| 5 | 2022-23 | 0.00 | 0.00 | 0.00 | |
| 6 | 2023-24 | 120.00 | 120.00 | 120.00 | തൊഴിലാളി പെൻഷൻ വിതരണം |
| | **ആകെ** | **756.00** | **756.00** | **756.00** | |